# സംഘക്കളിയിലെ ഫോക്‌ലോർ അംശങ്ങൾ

കേരളത്തിലെ നമ്പൂതിരിമാർ നടത്തിപ്പോരുന്ന ഒരു കലയാണ് സംഘക്കളി. സംഘക്കളിക്ക് ചാത്തിരക്കളി, ശാസ്ത്രക്കളി, സത്രക്കളി എന്നിങ്ങനെയും പേരുകളുണ്ട്. ചോറൂണ്, ഉപനയനം, വേളി, സമാവർത്തനം മുതലായ വിശേഷങ്ങൾ സംബന്ധിച്ചാണ് സംഘക്കളി നടത്തിപ്പോന്നിരുന്നത്. ഇത് മറ്റുകളികൾ പോലെ വിനോദം മാത്രം ലക്ഷ്യമാക്കിക്കൊണ്ടുള്ളതായിരുന്നില്ല. ഈശ്വരപ്രീതിക്കും ഇഷ്ടസിദ്ധിക്കും ഉതകുന്ന ഒരു പുണ്യകർമ്മമായിക്കൂടി സംഘക്കളിയെ കരുതിപ്പോന്നിരുന്നു.

ഒരു ദിനരാത്രം നീണ്ടുനിൽക്കുന്നതും വിനോദങ്ങൾക്കു വകനൽകുന്നതുമായ ഒരു കലാരൂപമാണ് ഇത്. ചരിത്രശകലങ്ങൾ ഉൾക്കൊള്ളുന്ന ഈ കലയിലെ ഗാനങ്ങൾ അത്യന്തം രസാത്മകങ്ങളാണ്. സംഗീതം, സാഹിത്യം, അഭിനയം, വാദ്യം, ആയുധവിദ്യ എന്നിവയെല്ലാം കൂടിച്ചേർന്ന ഒരു കലാസൃഷ്ടിയാണ് 'സംഘക്കളി' എന്നു പറയാം.

സംഘക്കളിയുടെ അരങ്ങും ചടങ്ങുകളും

വിശേഷദിവസങ്ങളോടനുബന്ധിച്ച് കളി നടത്താൻ നിശ്ചയിച്ചാൽ കുടുംബത്തിലെ കാരണവർ തന്റെ സംഘത്തിന്റെ വാക്യാവൃത്തിയെ രേഖാമൂലം ആ വിവരമറിയിക്കുന്നു. വാക്യാവൃത്തി പരിഷയ്ക്കു രേഖാമൂലം അറിവുകൊടുക്കുന്നു. പരിഷ, വേണ്ട ആളുകളോടുകൂടി യഥാസമയം എത്തിച്ചേർന്ന്, ദേഹണ്ണവും സംഘക്കളിയും നടത്തിക്കൊടുക്കുന്നു. ഇതായിരുന്നു പതിവ്.

സംഘക്കളിയ്ക്കു പ്രധാനമായി നാലുപാദം, പാന, ആംഗ്യം, ഹാസ്യം എന്നിങ്ങനെ നാലുവിഭാഗങ്ങളുണ്ട്. നാലുപാദം കാര്യസിദ്ധിക്കുവേണ്ടിയുള്ള ഈശ്വര ഭജനമാകയാൽ അതിനു സംഘക്കളിയിൽ പ്രാഥമ്യവും, പ്രാധാന്യവും വന്നുകൂടി. ചില സ്ഥലങ്ങളിൽ നാലുപാദം മാത്രമായും നടത്താറുണ്ട്. നാലുപാദം കൂടാതെ ആരും പാനയും കളിയും കഴിക്കാറില്ല എന്നതുകൊണ്ടു തന്നെ അതിന്റെ ശ്രേഷ്ഠത സ്പഷ്ടമാകുന്നു. നാലുപാദവും, പാനയും, ആംഗ്യവും കഴിഞ്ഞാൽ ശരിയായ സംഘക്കളി കഴിഞ്ഞു എന്നു പറയാം. എങ്കിലും രാത്രിപൂർത്തി വരുത്താൻ വേണ്ടി സൂര്യോദയംവരെ ഓരോ വേഷങ്ങൾ രംഗത്തിറങ്ങി പല നേരമ്പോക്കുകൾ പറയുകയും, പ്രദർശിപ്പിക്കുകയും ചെയ്യാറുണ്ട്. ഇതിനെയാണ് 'ഹാസ്യ'മെന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1. നാലുപാദം

കളിയരങ്ങത്താണ് നാലുപാദം നടത്തുന്നത്. രാത്രിയിൽ അത്താഴത്തിന് മുമ്പായിട്ടാണ് സാധാരണയായി നാലുപാദം നടത്താറുള്ളത്. വസ്ത്രം തറ്റുടുത്ത് ഉത്തരീയവും, പവിത്രവുമിട്ട് ഭസ്മചന്ദനാദികൾ കുറിയിട്ട് അഷ്ടകം പിടിച്ചുകൊണ്ട് വേണം നാലുപാദം നടത്താൻ എന്നാണ് വിധി. നാലുപാദത്തിന്റെ മഹത്വം ഇതു വ്യക്തമാക്കുന്നു. നിലവിളക്കിൽ എണ്ണയൊഴിച്ച് നാലുവശത്തേക്കും തിരിയിട്ട് കത്തിച്ചുവയ്ക്കുന്നു. നാലു ബ്രാഹ്മണർ വിളക്കിനു ചുറ്റും പ്രദക്ഷിണം വച്ചു കൊണ്ടാണ് നാലുപാദം ചൊല്ലുന്നത്. ഓരോ പാദത്തിലേയും അക്ഷരങ്ങൾ ഓരോ വേദത്തിൽ നിന്നും എടുത്തിട്ടുള്ളതാണെന്നാണ് ഐതിഹ്യം.

ശ്ലോകം:-

"കണ്ടമിരണ്ടുനടം ചെയ്യുന്നേൻ ചേവടിയെ
എന്നുമരങ്ങിൽ നില്ക്കേ വിണ്ണോർ നായകനെ
ഇയ്യെദൂതകൾ വന്തണയും മാലൊഴിവാൻ
കേണികൾച്ചൂഴംതിരുക്കാരിയൂർവാണമുക്കണ്ണരേ."

2. കറിശ്ലോകം:-

മാന്യസ്ഥാനത്ത് നാലുപാദത്തിനുപയോഗിച്ച വിളക്ക് വെയ്ക്കുന്നു. അതിനു മുമ്പിൽ ഒരു നാക്കില വാട്ടിവെയ്ക്കുന്നു. അതിന് ഗണപതിക്ക് വെയ്ക്കുക എന്നാണ് പറയുന്നത്. ഗണപതിക്കുള്ള ഇലയുടെ ഇരുവശത്തുമായി നാലിലയെങ്കിലും വാട്ടിവെയ്ക്കണം. ഗണപതിക്കുള്ള ഇല മുതൽ ശർക്കര, കദളിപ്പഴം മുതലായ വിഭവങ്ങൾ വിളമ്പുന്നു. ഊണ് തുടങ്ങിയാൽ പ്രഥമൻ എടുക്കുന്നതിനു മുമ്പ് വിഭവം വിളിക്കുന്നു.

3.പാത്രംകൊട്ടിയാർക്കൽ

സദ്യകഴിഞ്ഞ്, അരിവെച്ച ചെമ്പ് കമഴ്ത്തിയിട്ട് കളിക്കാർ ചുറ്റും ഇരിക്കുന്നു. രണ്ട് പൊതിച്ച നാളികേരവും, സദ്യയ്ക്ക് വിളമ്പാൻ ഉപയോഗിച്ച രണ്ട ചിരട്ടക്കയിലുകളും സമീപത്തു വയ്ക്കുന്നു. കളിക്കാർ ചെമ്പിന് പുറത്ത് താളം പിടിച്ച് "കാരിരുൾ നിറമൊത്ത തിരുമുടി തൊഴുന്നേൻ" എന്നു തുടങ്ങുന്ന സ്തുതി പാടുന്നു. അപ്പോൾ രണ്ടുകളിക്കാർ രണ്ടു വശത്തു നിന്നും ഓരോ ചിരട്ടക്കയിലുമായി എഴുന്നേറ്റു താളത്തിനൊപ്പിച്ച് ചുവടുവച്ച് കോമരം തുള്ളുന്നു.

4. പാന

പാനചൊല്ലൽ ഭക്തിരസപ്രധാനമാണ്. പാനയ്ക്ക് ആദ്യമായിട്ടുള്ള ചടങ്ങ് കേളിയും ചില മംഗളഗാനങ്ങൾ പാടുകയെന്നതുമാണ്. മിക്കവാറും ഗണപതി സ്തുതിയാണ് പാനയ്ക്ക് പാടാറുള്ളത്.

5. കണ്ടപ്പന്റെവരവ്

കൈയ്യുള്ള ഉടുപ്പും കാൽശരായിയും ധരിച്ച് ത്രികോണാകൃതിയിലുള്ള കറുപ്പുറുമാലും, ചുവപ്പുറുമാലും തുമ്പുകൾ മുഖത്തുവരത്തക്കവിധത്തിൽ തലയിൽ കെട്ടി, കൈയ്യിൽ വാളും പരിചയുമായി 'കൊട്ടരുത്, പാടരുത്' എന്നുറക്കെ പറഞ്ഞു കൊണ്ടാണ് കണ്ടപ്പക്കൈമൾ പ്രവേശിക്കുന്നത്. അതുകേട്ട് കളിക്കാർ കുറേക്കൂടി ശക്തിയായി കൊട്ടാനും, പാടാനും തുടങ്ങും. അതിൽ അമർഷം പൂണ്ട കയ്മൾ ഒരു പാട്ടു പാടുന്നു.

"ഉണ്ണൊല്ല; ഉറങ്ങൊല്ല; ഉറങ്ങിയാലുണരൊല്ല.
അടിക്കൊല്ല; തളിക്കൊല്ല; അടുപ്പിൽ തീയെരിക്കൊല്ല
തിക്കൊല്ല; തിമർക്കൊല്ല; തിമിർത്തേറ്റം പറയൊല്ല"

6. കുറത്തിയാട്ടം

കുറത്തിയാട്ടക്കാർ കട്ട്യാവ് കൊണ്ടുള്ള പുടവയും കച്ചയും, പച്ചയോലയും ഉപയോഗിച്ച് ഉടുത്തു കെട്ടുന്നു. ഭസ്മവും, കളഭക്കുറിയും ചാർത്തി സിന്ദൂരതിലകവുമണിഞ്ഞ് വെള്ളിമാലയും കഴുത്തിലിട്ട് വേഷക്കാർ പ്രവേശിക്കുന്നു. അരങ്ങത്തുവന്ന് തൊഴുത് കുമ്പിട്ട് നിൽക്കുന്നു. പാട്ട് പഞ്ചാരി താളത്തിൽപ്പാടി കലാശം ചവിട്ടി തൊഴുതു കുമ്പിടുന്നതോടെ കുറത്തിയാട്ടം അവസാനിക്കുന്നു.

7. ബലിയുഴിച്ചിൽ

മന്ത്രവാദികൾ ബാധയെ ഉഴിഞ്ഞു മാറ്റുന്നതുപോലെ, സംഘക്കാർക്കും സദസ്സിനും കളി നടത്തുന്ന ഗൃഹത്തിനും അതിലെ

അംഗങ്ങൾക്കും ഭൂതപ്രേതപിശാചുക്കളുടെ ഉപദ്രവം വല്ലതുമുണ്ടെങ്കിലതും, മറ്റ് അരിഷ്ടതകളും മന്ത്രപൂർവ്വം പന്തമുഴിഞ്ഞ് മാറ്റുന്നതാണ് ബലിയുഴിച്ചിൽ. സംഘക്കളിയിലെ മുഖ്യമായ ചടങ്ങാണ് ഇത്.

8. വച്ച് നമസ്കാരം

എല്ലാ പ്രധാനകർമ്മങ്ങൾക്കുശേഷവും 'ദക്ഷിണ വെയ്ക്കുക' എന്നൊരു ചടങ്ങ് നമ്പൂതിരിമാർക്കിടയിൽ നിലനിന്നു പോരുന്നു. ചെയ്തുതീർത്ത കർമ്മങ്ങൾക്ക് പൂർണ്ണ ഫലപ്രാപ്തിയുണ്ടാകുക ഈ ചടങ്ങുകൂടി നടത്തപ്പെടുമ്പോഴാണ് എന്ന വിശ്വാസമാണ് ഇന്നും ഇതു പാലിക്കുന്നതിന്റെ പിന്നിലുള്ളത്.

സംഘക്കളിയിലെ നാടോടിത്തനിമ

കേരളത്തിൽ നിലനിന്നിരുന്ന നാടോടി നാടകങ്ങളിൽ നിന്ന് പല അംശങ്ങളും സ്വാംശീകരിച്ച് നിർമ്മിച്ച ഒരു കലാരൂപമാണ് 'സംഘക്കളി' എന്നു കാണാം. ബ്രാഹ്മണ മേധാവിത്വം ഉറപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണ് ബ്രാഹ്മണേതരരുടെ കലാരൂപങ്ങളിൽ നിന്ന് പലതും സ്വീകരിച്ച് ഈ കലയ്ക്ക് രൂപംനൽകിയതെന്നു പറയാം. വടക്കേ മലബാറിലെയും, മദ്ധ്യകേരളത്തിലെയും നാടോടി ക്കലാരൂപങ്ങളുടെ സ്വാധീനം സംഘക്കളിയിൽ പ്രകടമാകുന്നുണ്ട്. ഇതിലെ 'പട്ടർവേഷം' പൊറാട്ട് തെയ്യം, കെന്ത്രോൻ പാട്ട് തുടങ്ങിയ കലാരൂപങ്ങളിൽ നിന്നു സ്വീകരിച്ചവയിൽപ്പെടുന്നു.

സൂക്ഷ്മമായി പരിശോധിച്ചാൽ സംഘക്കളിയിലെ പഴയപാട്ടുകളിൽ നിന്ന് പ്രാചീനകേരളത്തിലെ ആര്യ-ദ്രാവിഡ ബന്ധത്തെപ്പറ്റി പല അറിവുകളും നമുക്കു ലഭിക്കുന്നു. നമ്പൂതിരിമാർ ആ ഘട്ടത്തിൽ പ്രധാനമായി വന്ദിക്കുന്നത് ദ്രാവിഡ ദേവതകളായ ഭദ്രകാളിയെയും ശാസ്താവിനെയും ആണെന്നുള്ളതിൽനിന്നുതന്നെ ആര്യദ്രാവിഡന്മാരെ ഏകോപിപ്പിക്കുന്നതിനുള്ള നടപടികളിൽ ഒന്നുകൂടിയായിരുന്നിരിക്കണം ഈ കലാപ്രകടനം എന്ന നിഗമനത്തിൽ നാം എത്തിച്ചേരുന്നു.

ദിവ്യശീവൊള്ളി
ഗവേഷക, മഹാത്മാഗാന്ധി സർവ്വകലാശാല
കോട്ടയം
divyaseevolly@gmail.com